

WEDNESDAY 18/02/2026 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/02/2026

1. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും കേരളസർക്കാരിന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക സർവ്വകലാശാല ഇന്ന് മുതൽ (2026 ഫെബ്രുവരി 18) 22 വരെ വെള്ളാനിക്കരയിലുള്ള സെൻട്രൽ ക്യാമ്പസിൽ വച്ച് "ദക്ഷിണ മേഖല കാർഷിക മേള 2025 – 26" സംഘടിപ്പിക്കുന്നു. നല്ല നാളെക്കായി സ്മാർട്ട്കൃഷി: അതിജീവനം സാങ്കേതികവിദ്യകളിലൂടെ (Agri-next: Smart, resilient and sustainable farming) എന്നതാണ് ഈ മേളയുടെ പ്രമേയം. കേരളം ഉൾപ്പെടെ ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കാർഷിക സർവ്വകലാശാലകൾ, ലക്ഷദ്വീപിലെയും ദക്ഷിണേന്ത്യയിലെയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, ഐ. സി. എ. ആർ. ഗവേഷണ സ്ഥാപനങ്ങൾ, സംസ്ഥാന കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ പങ്കെടുക്കുന്നു. അഗ്രി ബിസിനസ്സ് സ്ഥാപനങ്ങൾ, ബാങ്കുകൾ, അഗ്രിടെക് സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാൻ മുൻകൂട്ടി സ്റ്റാളുകൾ ബുക്ക് ചെയ്യാവുന്നതാണ്. എ.സി. സ്റ്റാളുകൾക്ക് ₹25,000/ രൂപയും നോൺ എ.സി. സ്റ്റാളുകൾക്ക്₹10,000/ രൂപയുമാണ് നിരക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നിശ്ചയിച്ചിരിക്കുന്നത്. താല്പര്യമുള്ളവർക്ക് കൺവീനർ 9847335759, 9544211144എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് siraf@kau.in എന്ന ഇ മെയിൽ വഴിയോ 9497412447, 04872370150 എന്ന നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

2. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന 'CENTRE FOR AGRICULTURAL INNOVATIONS AND TECHNOLOGY TRANSFER' (CAITT) "മട്ടുപ്പാവ് കൃഷി" വിഷയത്തിൽ 20/02/2026 തീയതിയിൽ INTEGRATED FARMING SYSTEMS RESEARCH STATION, (IFSRS) കരമന വെച്ച് ഒരു ഏകദിന Field day സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 250/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

3. തൊഴിൽരഹിതരായ യുവതി യുവാക്കൾക്കായി കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് വിവിധ കാർഷിക യന്ത്രങ്ങളുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രവർത്തനവും അറ്റകുറ്റപ്പണികളും എന്ന വിഷയത്തിൽ 10 ദിവസത്തെ പ്രവർത്തിപരിചയ പരിശീലന പരിപാടി മാർച്ച് മാസം ആദ്യവാരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9446370726 എന്ന മൊബൈൽ നമ്പറിൽ വിളിച്ച് ഫെബ്രുവരി ഇരുപതാം തിയതിക്കുള്ളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 20, 21 തീയതികളിൽ പശുവളർത്തൽ എന്ന വിഷയത്തിലും ഫെബ്രുവരി 23, 24 തീയതികളിൽ പന്നിവളർത്തൽ എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473.

5. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണനടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2026 ഫെബ്രുവരി 18 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കെ.എ. വിൻസെന്റ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

## കാർഷിക നിർദേശം

6. കുരുമുളക് – പരിചരണം – കുരുമുളക് നഴ്സറി തയ്യാറാക്കുന്നതിന് ഫെബ്രുവരി-മാർച്ച് മാസത്തിൽ ചെന്തലകൾ മുറിച്ചെടുത്ത് നടാം. ഇതിനായി, മണ്ണ്, മണൽ, കാലിവളം എന്നിവ 1:1:1 എന്ന അനുപാതത്തിൽ ചേർത്ത് പൊളിത്തീൻ കൂടുകൾ നിറയ്ക്കാം.18x12 സെന്റിമീറ്റർ വലുപ്പമുള്ള കവറുകളിൽ 15–20 ദ്വാരങ്ങൾ ഇട്ടുകൊടുക്കുക. ചെന്തലകളുടെ അഗ്രഭാഗത്തു നിന്നും കടഭാഗത്തു നിന്നും കുറച്ച് ഭാഗം മുറിച്ചുമാറ്റി 2 മുട്ടുകളുള്ള കഷണങ്ങളാക്കാം. ഇലകളുടെ കുറ്റി മാത്രം നിർത്തി, ഒരു കവറിൽ 3 മുതൽ 4 കമ്പുകൾ വരെ നടാം. ഉടൻ തന്നെ തണൽ നൽകുകയും പുതയിടുകയും അല്പം നനയ്ക്കുകയും ചെയ്യുക. 3 മാസമാകുമ്പോൾ മാറ്റി നടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം